ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയെ നശിപ്പിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) എല്ലാ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതി

120 (1589) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഗവൺമെന്റും നഗരസഭകളും എന്ത് തുക വീതം ചെലവഴിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ക്ലീൻ കേരളാ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും 25 ഗ്രാമ പഞ്ചായത്തുകളിൽ നാഷണൽ ഹൈവേയുടെ ടൗണുകൾ ഉൾപ്പെടുന്ന വാർഡുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ക്ലീൻ കേരളാ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മൂലധന ചെലവ് 2003-04, 2004-05, വാർഷിക പദ്ധതികളിലെ പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിന് 2003-04 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗരങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി

121 (1590) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly